(ബി) വയനാട് ജില്ലയിലെ ഇഞ്ചി കർഷകരെ സഹായിക്കുന്നതിനായി 2015-16 സാമ്പത്തിക വർഷത്തിൽ 500 ഹെക്ടർ സ്ഥലത്ത് ഇഞ്ചി കൃഷി നടപ്പിലാക്കുന്നതിന് സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ പദ്ധതിയിൽ 60 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

(സി) കൃഷി വകുപ്പിന്റെ മൂല്യവർദ്ധനവിനുള്ള പദ്ധതി 2013-14 പ്രകാരം 255.27533 ലക്ഷം രൂപ അനുവദിച്ചുകൊണ്ട് മലബാർ റീജിയണൽ കോപ്പറേറ്റീവ് മിൽക്ക് പ്രൊഡ്യൂസേഴ്സ് യൂണിയന്റെ നേതൃത്വത്തിൽ വയനാട് ജില്ലയിൽ മീനങ്ങാടിയിൽ ഒരു ഇഞ്ചി സംസ്കരണ യൂണിറ്റിന്റെ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചുവരുന്നു.

റബ്ബർ വില സ്ഥിരതാ ഫണ്ട്

148 (4185) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വില സ്ഥിരതാ ഫണ്ട് ഉപയോഗിച്ച് റബ്ബർ കർഷകർക്ക് സബ്സിഡി നല്കുന്ന പദ്ധതിയിൽ സംസ്ഥാനത്ത് ഇതിനകം എത്രപേർ രജിസ്റ്റർ ചെയ്തെന്ന് ജില്ല തിരിച്ച് കണക്ക് വെളിപ്പെടുത്താമോ ;

(ബി) ഇതിനകം സബ്സിഡിയായി എത്ര റബ്ബർ കർഷകർക്ക് എത്ര രൂപ വീതം വിതരണം ചെയ്തെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ&ബി) സ.ഉ.(പി) നമ്പർ 207/2014/നി.വ. തീയതി 22-12-2014 പ്രകാരം അനുമതി ലഭിച്ച റബ്ബർ വിലസ്ഥിരതാ പദ്ധതി നികുതിവകുപ്പ് മുഖേനയാണ് നടപ്പിലാക്കിയിട്ടുള്ളത്. പ്രസ്തുത പദ്ധതിക്കായി കൃഷിവകുപ്പിന് രൂക വകയിരുത്തിയിരുന്നില്ല.

റബ്ബർ സംഭരണം

149 (4186) ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. രാജു എബ്രഹാം :
ശ്രീ. സാജു പോൾ :
ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നടപ്പ് സാമ്പത്തിക വർഷത്തിൽ റബ്ബർ സംഭരണത്തിനായി സർക്കാർ ചെലവഴിച്ച ഫണ്ട് സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly